തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡവലപ്മെന്റിന്റെ ആകെ വരുമാനത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ ഏഴാം വർഷം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

വിഴിഞ്ഞം തുറമുഖ പദ്ധതി

142 (3652) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ സർക്കാരിന്റെ പങ്കാളിത്തം വ്യക്തമാക്കുമോ; ആകെ അടങ്കൽ എത്രയാണെന്നും ഇതിൽ എത്ര തുകയാണ് സംസ്ഥാനം ചെലവിടുന്നത് എന്നും എത്ര സമയംകൊണ്ട് പദ്ധതി പൂർത്തീകരിക്കും എന്നും വിശദമാക്കുമോ?

ഉത്തരം

കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിന് നിലവിൽ കണക്കാക്കിയിട്ടുള്ള തുക 1973 കോടി രൂപയാണ്. ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള തുക കൂടി കണക്കിലെടുത്താൽ മൊത്തം പദ്ധതി ചെറവ് 7525 കോടി രൂപയാണ്.

പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പു കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകേണ്ടതാണ്.

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9).

സംസ്ഥാന സർക്കാർ നടത്തിപ്പു കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നൽകും. സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി 1973 കോടി രൂപ ചെലവ് വഹിക്കും.

LIBRARY ARCHIVES Kerala Legislative Assembly

കരാർ പ്രകാരം നാലുവർഷത്തിനുള്ളിൽ പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാകും.

വിഴിഞ്ഞം പദ്ധതി പ്രകാരമുള്ള തൊഴിൽ അവസരങ്ങൾ

143 (3653) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയിലൂടെ എത്ര തൊഴിൽ അവസരങ്ങൾ പ്രദേശവാസികൾക്ക് ലഭിക്കുമെന്നാണ് കരുതുന്നത്; ആകെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നാട്ടിൽ ഉണ്ടാകുന്ന അടിസ്ഥാന വികസനങ്ങൾ എന്തെല്ലാമാണ്; ഇതിനാവശ്യമായ തുക ചെലവഴിക്കുന്നതാരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും നടത്തിപ്പു ഘട്ടത്തിലും നേരിട്ടുള്ള തൊഴിലവസരങ്ങൾ കൂടാതെ അനേകം തൊഴിലവസരങ്ങൾ പരോക്ഷമായി സൃഷ്ടിക്കപ്പെടും. ഇത് കൂടുതലും ഗുണം ചെയ്യുന്നത് വിഴിഞ്ഞം പ്രദേശവാസികൾക്കാണ്. തുറമുഖത്തിനോടനുബന്ധിച്ച് നിരവധി അനുബന്ധ വ്യവസായങ്ങളായ കണ്ടെയ്നർ ഹാൻഡ്ലിംഗ്, ലോജിസ്റ്റിക് എന്നിവ വളരും. ഒരു തുറമുഖത്തിന്റെ വരവോടുകൂടി അത് സൃഷ്ടിക്കുന്ന സാമ്പത്തിക പുരോഗതിയിലും ഉൽപ്പാദനക്ഷമതയുടെ വർദ്ധനവിലും ആകൃഷ്ടരായി നിരവധി പുതിയ വ്യവസായ സംരംഭങ്ങൾ പദ്ധതി പ്രദേശത്തുണ്ടാകും. ഇതും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

(ബി) പദ്ധതിക്കുവേണ്ടി ഉണ്ടാകുന്ന പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ റെയിൽ കണക്ടിവിറ്റി, റോഡ് കണക്ടിവിറ്റി, വെള്ളം, വൈദ്യുതി എന്നിവയാണ്. ഇതിൽ റെയിൽ കണക്ടിവിറ്റിയും വെള്ളവും വൈദ്യുതിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. റോഡ് കണക്ടിവിറ്റി പി.പി.പി ഘടകത്തിൽ ഉൾപ്പെട്ടതിനാൽ അതിന്റെ നിർമ്മാണം കൺസഷനയറുടെ ചുമതലയാണ്.

തുറമുഖത്തിന്റെ ഒപ്പം തന്നെ തുറമുഖത്തിന് സമീപമുള്ള പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡെവലപ്മെന്റും വിഴിഞ്ഞം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന് ആവശ്യമായ തുക പൂർണ്ണമായി ചെലവഴിക്കുന്നത് കൺസഷനയർ ആണ്.

LIBRARY ARCHIVES Kerala Legislative Assembly